<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5328</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>അരുവിക്കര മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ വകുപ്പിന്റെ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അവയ്ക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധനസഹായത്തോടെയുള്ള RIDF 25ൽ ഉൾപ്പെടുത്തി ആറ്റമൺപ്പുറം നീർത്തട പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണ പദ്ധതിയിൽ (PCRWSS) ഉൾപ്പെടുത്തി പുതുകുളങ്ങര നീർത്തട പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 31.10.2020 ൽ ആരംഭിച്ച് 2024 മാർച്ച് മാസത്തിൽ പൂർത്തീകരിച്ച ആറ്റമൺപ്പുറം നീർത്തട പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 279.46 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 96,61,508/- രൂപ ചെലവഴിച്ചിട്ടുണ്ട്. 21.02.2017 ൽ ആരംഭിച്ച് 2024 മാർച്ച് മാസത്തിൽ പൂർത്തീകരിച്ച പുതുകുളങ്ങര നീർത്തട പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 170.38 ഹെക്ടർ പ്രദേശത്ത് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 42,75,627/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം അരുവിക്കര പഞ്ചായത്തിൽ MAM Updation പദ്ധതിയിൽ ഉൾപ്പെടുത്തി 225 മണ്ണ് സാമ്പിളുകൾ ശേഖരിച്ച് അപഗ്രഥന റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 225 മണ്ണ് ആരോഗ്യ കാർഡുകൾ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. ഇതിനായി 0.12 ലക്ഷം രൂപ ചിലവഴിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സോയിൽ ഡാറ്റാ ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി അരുവിക്കര നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളുടേയും സോയിൽ ഡാറ്റാ പൂർണ്ണമായും ഡിജിറ്റൽ ഫോർമാറ്റിലാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം 0.28 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | ചിലവഴിച്ചു. 2023-ലെ ലോക മണ്ണു ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടന പരിപാടി 1.0 ലക്ഷം രൂപ ചിലവഴിച്ച് വെള്ളനാട് പഞ്ചായത്തിലെ കൊല്ലങ്കോണത്ത് സംഘടിപ്പി ക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പുമായി ചേർന്ന് അരുവിക്കര നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സോയിൽ ടെസ്റ്റിംഗ് ബോധവൽക്കരണ കാമ്പയിനുകൾ സംഘടിപ്പിക്കുകയും ആയതിന്റെ ഭാഗമായി കർഷകരിൽ നിന്നും 280 മണ്ണ് സാമ്പിളുകൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മണ്ണ് ആരോഗ്യ കാർഡുകൾ തയ്യാറാക്കി വരുന്നു. ഇതിനായി 0.265 ലക്ഷം രൂപ പദ്ധതിയിനത്തിൽ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ